


QUICK RESPONSE




# Digital Magazine

## 2019-20

## H.S.S.KANDAMANGALAM



"വിദ്യകൊണ്ട് പ്രബുദ്ധരാകുക
സംഘടിച്ച് ശക്തരാകുക"

**SREE NARAYANA GURUDEVAN**



# KANDAMANGALAM SREE RAJA RAJESWARI

## ഉള്ളടക്കം

എഡിറ്റോറിയൽ.....5
പ്രണയം.....6
സൗഹൃദം.....8
ചുവരുകൾക്കുളിലെ വിലക്ക്.....9
കൂട്ടുകാരുടെ കഥ.....15
വയലാർ രാമവർമ്മ.....17
സായംസന്ധ്യ തൻ സാഗരം.....22
പ്രകൃതിസംരക്ഷണത്തിന്റെ ആവശ്യകത.....24
പ്രപഞ്ചം.....28
സി.വി. രാമൻ.....30
മാലിന്യം.....31
കഷണ്ടിയും കേശവർദ്ധിനിയും.....32
പ്രളയകാലം.....34
നഷ്ടപ്പെടാത്ത സ്വത്ത്.....36
മണ്ണിൽ കിളച്ചും മീൻപിടിക്കാം.....38
പ്രളയം.....39
വൃക്ഷങ്ങളും കാർബൺ-ഡയോക്സൈഡും.....41
പൂമ്പാറ്റ.....42
എൻ പ്രണയം.....44
കൊലയാളിയായ പ്ലാസ്റ്റിക്.....45
പ്രകൃതി.....47
LIFE.....48
INTERESTING FACTOR ABOUT INDIA.....50
Importance of sports in school.....52
സ്കൂൾ കലോത്സവം.....53
മികവ് 2019-20.....64

# എഡിറ്റോറിയൽ

കലാ സാഹിത്യസൃഷ്ടികൾ എന്നും നാടിന്റെ മൃദുസ്പന്ദനം പോലും ഉൾക്കൊള്ളുന്നവയാണ്. നാടിന്റെയും നാട്ടാരുടെയും ബാഹ്യവും ആന്തരികവുമായ സൗന്ദര്യവും സന്താപ-സന്തോഷ സമ്മിശ്രമായ ജീവിതവും തൊട്ടറിയുന്നതാണവ. വിവരസാങ്കേതികവിദ്യയുടെ അനന്തസാധ്യതകളെ സന്നിവേശിപ്പിച്ച് സാഹിത്യമേഖല പുഷ്ടിപ്പെടുത്തുന്നതിനുള്ള ഒരു എളിയ സംരംഭമാണിത്. ഇത്തരം സൃഷ്ടികൾ നവകേരള നിർമ്മിതിക്ക് ഊർജം പകരട്ടെ....

- കണ്ടമംഗലം ഹയർസെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണീറ്റിന്റെ ഡിജിറ്റൽ മാസിക ഏവരുടേയും മുമ്പാകെ സവിനയം സമർപ്പിച്ചുകൊള്ളുന്നു...



# പ്രണയം

പ്രണയം ഒരു നിഴലായ് ഒഴുകിവരും

രണ്ടു മനസ്സുകൾ തമ്മിൽ ചർന്നവരും

മനസ്സിൽ കിളിർത്തു വരും പൂമൊട്ടുപോൽ

വടിപോകുന്ന പുഷ്പങ്ങൾ പോൽ

കണ്ണ ചിമ്മുന്ന നിമിഷങ്ങൾ പോൽ

പുഞ്ചിരി നേരങ്ങൾ പോൽ

അത് സ്നേഹമായ് വിതുമ്പിവിതുമ്പിയെത്തും

അഗതാരിൽ വിരിയുന്ന കിനാവുപോൽ

പനി നീരിൽ പൂമണം പോൽ

നീയെന്നിൽ ചേർന്നാലും

ഞാൻ നിന്നിൽ ചേർന്നാലും

മനസ്സിന്റെ താളത്തിൽ അലതല്ലും

ഓളത്തിൽ എന്നൊപ്പം പോരുമോ

നീ പ്രണയം ഒരു സ്വപ്നമല്ല

കാലം ഒരു സമയല്ല

ഇഷ്ടം കൂടാൻ എന്നോടൊപ്പം

പാട്ടു പൂനിലാവേ

പ്രണയം ഒരു പെൻസിൽ പോലെ

എവിടേക്കോ എപ്പോഴോ മാഞ്ഞുപോകും

അത് അഗതാരിൽ അനുരാഗം

ഗൗരിനന്ദന.കെ



# സൗഹൃദം

പൂവിലെ തേൻ പോലെ മധുരമെൻ സൗഹൃദം

പലവർണ്ണമായ് പൂത്തതാണതയാലും

ഒന്നായ് നീരുന്നതെൻ സൗഹൃദം

മനസ്സിൻ താളിൽ ഞാൻ വരച്ചിട്ടോരു

കൊച്ചു സ്വപന മാണിന് എൻ സൗഹൃദം

കാറ്റിൽ ചേരുന്ന നറുഗന്ധമാകട്ടെ

എന്നെന്നും എൻ പ്രിയ സൗഹൃദം

എന്നെന്നും എൻ പ്രിയ സൗഹൃദം

അർച്ചന



# ചുവരുകൾക്കുളിലെ വിലക്ക്

അബ്ദു വിദേശത്തിലേക്ക് പോകാൻ

തയ്യറാക്കുകയാണ്.ഞങ്ങൾ മക്കളാണ്,മൂത്ത ജേഷ്ടൻ

അബ്ദു വിദേശത്തിലെ ഒരു കുന്നിൻചെരുവിലാണ്. തങ്ങൾ

വീട് ,ഉപ്പയും ഉമ്മയും ഏറെ സന്തോഷത്തിലാണ്.ഞങ്ങൾ

ഗ്രാമത്തിൽ നിന്ന് ആദ്യമായി വിദേശത്തേക്ക് പോകുന്നത്

മക്കളാണ്,മൂത്ത ജേഷ്ടൻ അബ്ദു വിദേശത്തിലേ ഒരു

മൂന്നിൻചെരുവിലാണ്. തങ്ങൾ വീട് ,ഉപ്പയും ഉമ്മയും ഏറെ

സന്തോഷത്തിലാണ്.ഞങ്ങൾ ഗ്രാമത്തിൽ നിന്ന്

ആദ്യമായി വിദേശത്തിലേക്ക് പോകുന്നത്

ഇക്കാക്കയാണ്.ഉമ്മ എല്ലാ വീടുകളിലും ഇക്കാക്ക

പോകുന്നത് പറയുകയാണ്. ഇക്കാക്ക പോകുന്നത് കൊണ്ട്

എല്ലാവരും തങ്ങളുടെ പുരയിൽ ഉണ്ടായിരുന്നു ,മുത്തപ്പയും ഉമ്മുമ്മയും വല്യപ്പനും അങ്ങനെ പുരനിരയെ ആളുകൾ ആ ദിവസം എനിക്ക് ഒരിക്കലും മറക്കാനാവില്ല  കാരണം ഉമ്മ എന്നോട് പറഞ്ഞു എല്ലാവരും വന്നിരിക്കുന്നു.നീ ഉമ്മറത്തേക്ക് വരണ്ട,മുറിയിൽ ഇരുന്നോ,ഞാൻ വന്നു പറയാം അപ്പോൾ വന്നാൽ മതി.ഉമ്മ പറയുന്നത് ഞാൻ അനുസരിച്ചു,ഞാൻ മുറിയിൽ പോയി ഇരുന്നു.എല്ലാവരും ഇക്കാക്ക പോകുന്ന സന്തോഷത്തിലാണ്.ഉമ്മറത്ത് എല്ലാവരും കൂടി സംസാരിക്കുന്നതു ഞാൻ കേട്ടു.എപ്പോൾ അബ്ദു,വിദേശത്തേക്ക് പോകുകയാണ് ഇനി ആയിഷയുടെ നിക്കാഹ് ഉടനെ തന്നെ നടത്തണം.

ഏതു കേട്ടപ്പോൾ എനിക്ക് ഒന്നും പറയാൻ സാധിച്ചില്ല,കാരണം വല്യപ്പയുടെ മുന്നിൽ നിന്ന് സംസാരിക്കാൻ ആർക്കും ധൈര്യംഇല്ലായിരുന്നു,അല്ലെങ്കിലും പെൺകുഴികൾക്ക് ഒന്നിനും അഭിപ്രായം പറയാൻ അവകാശമില്ലായിരുന്നു.ഉമ്മ ഉപ്പയ്ക്ക് ചായ കൊടുക്കാൻ പോകുമ്പോൾ ഉപ്പയുടെ മുഖത്ത്

നോക്കാൻ പാടില്ല,ഉമ്മ ചായകുടിച്ചോ എന്ന് ഉപ്പ ഒരിക്കൽ പോലും ചോദിക്കുന്നത് ഞാൻ കേട്ടിട്ടില്ല.ഉമ്മ ഉപ്പയെ നിക്കാഹ് കഴിച്ചയത് പതിനാലാം വയസ്സിലാണ്.എന്റെ ആഗ്രഹം ഒരു ഡോക്ടർ ആകാനായിരുന്നു.ഉമ്മയോട് ഞാൻ എന്റെ ഈ ആഗ്രഹം പറഞ്ഞു പക്ഷെ ഉമ്മ എന്നിട് പറഞ്ഞത് പെൺകുട്ടികൾക്ക് ഒരിക്കലും ആഗ്രഹം പാടില്ല,എനിക്കും ഉണ്ടായിരുന്ന ഒരുപാട് ആഗ്രഹങ്ങൾ,പക്ഷെ അത് സാധിച്ചില്ല ആൺകുട്ടികൾക്കാണ് ആഗ്രഹം എന്ന് പറയുന്നത്,പക്ഷെ എല്ലാ ഉപ്പമാരെയും പോലെയല്ല എന്റെ ഉപ്പയ്ക്ക് എന്നെ ഒരു ഡോക്ടർ ആകണം എന്നായിരുന്നു.ഉപ്പമാരോട് സംസാരിക്കാൻ പെൺകുട്ടികൾക്ക് പീഡിയായിരുന്നു,പക്ഷെ എന്റെ ഉപ്പ അങ്ങനെ അല്ലായിരുന്ന എന്തും എനിക്ക് ഉപ്പയോട് പറയാം ഉപ്പയ്ക്ക് എന്നോടും.ഉപ്പ ഉമ്മറത്ത് സുഹൃത്തുക്കളോടൊപ്പം ഇരുന്ന സംസാരിക്കുമ്പോൾ എന്നെയും വിളിക്കും അത്രയ്ക്ക് സ്വാതന്ത്ര്യം ഉപ്പ എനിക്ക് തന്നിരുന്നു.അങ്ങനെ എന്റെ ആഗ്രഹം പോലെ ഞാൻ ഒരു ഡോക്ടറായി,ഉപ്പ എന്നോട് പറയുമായിരുന്ന നമ്മുടെ ഈ സമൂഹത്തിൽ എത്രയോ

പെൺകുട്ടികൾ അവരുടെ ജീവിത്തിന്റെ ആഗ്രഹം സാധിക്കാൻ ഉപ്പയുണ്ടായിരുന്നു,അതുപോലെ ഈ ഗ്രാമത്തിലെ ഒരു പെൺകുട്ടികളുടെ ആഗ്രഹം ഈ വേണം സാധിച്ച കൊടുക്കുവാൻ.

ഞാൻ എന്റെ മനസ്സിൽ വിചാരിച്ച എത്ര പെൺകുട്ടികൾക്ക് കിട്ടും ഇങ്ങനെയൊരു ഉപ്പയെ പറഞ്ഞ ആഗ്രഹം ഞാൻ സാധിക്കും,ഉപ്പ എന്റെ ആഗ്രഹം സാധിച്ചതന്നു ഉപ്പയുടെ ആഗ്രഹം സാധിച്ചുകൊണ്ടുക്കേണ്ടത് എന്റെ ചുമതലയാണ്,ഓരോ പെൺകുട്ടികളുടെയും ഉള്ളിൽ ഒരു ആഗ്രഹമെങ്കിലും ഇല്ലാതിരിക്കില്ല,സ്വപ്നം എന്ന് പറയുന്നത് ആർക്കും പിടിച്ചുനിർത്താൻ സാധിക്കുന്നതല്ല.

അങ്ങനെ ഞാൻ പിറ്റേ ദിവസം പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി പോരാടി ആദ്യം ഞാൻ പറയുന്നത് ആരും ചെവികൊണ്ടില്ല പിന്നെ പിന്നെ ഓരോരുത്തർക്കും എന്തിനാണു വിദ്യാഭ്യാസത്തിന്റെ വില എന്ന് മനസ്സിലാക്കാൻ സാധിച്ചു.ഉപ്പ എന്നോട് പറയുമായിരുന്നു വിദ്യാഭ്യാസം എന്ന് പറയുന്നത് ഒരു

ചെറിയ വാക്കല്ല ആ വക്കിൽ അറിവ്

ഉണ്ടെന്നു,എന്തുകൊണ്ടെന്നാൽ പെൺകുട്ടികളുടെ

സ്വപ്നങ്ങൾക്ക് മാത്രം വിലക്ക് അവർക്കും

ഉണ്ടാകില്ല,സ്വപ്നങ്ങൾ,പക്ഷ നമ്മൾ ആ വിലക്കിൽ നിന്ന്

മോചിതരാക്കണം നമ്മുടേതായ ഒരു വ്യക്തിക്കും നമ്മുക്ക്

ഉണ്ടായിരിക്കണം,ഇങ്ങനെ ഞാൻ ഇറങ്ങി

തിരിച്ചില്ലായിരുന്നുവെങ്കിൽ ഇന്ന് ഞാങ്ങളുടെ

ഗഗ്രാമത്തിലെ പെൺകുട്ടികളുടെ അവസ്ഥ

എന്താകുമായിരുന്നു,ഉപ്പ തന്ന  ആത്മവിശ്വാസവും

കരുത്തുമാണ് എന്നെ സംബന്ധിച്ചടുത്തോളം എന്റെ

ധൈര്യം,അത് എന്നും അങ്ങനെ ആയിരിക്കും.ഉപ്പ എന്നെ

വിട്ട് പോയപ്പോളും,എന്നോട് ഒന്ന് മാത്രമേ പറഞ്ഞുള്ളു

"ഒരിക്കലും മാറച്ചു പിടിക്കേണ്ടതല്ല ആഗ്രഹങ്ങൾ ഈ

ലോകത്തിനായി എന്തെങ്കിലും നമുക്ക് ചെയ്യണം.

ഉപ്പ എന്നെ വിട്ട് പോയപ്പോള്ളും

എനിക്ക്   ഏറെ സങ്കടമയിരുന്നു പക്ഷേ എത്രയോ ഒർ

മ്മകൾ  തന്നിട്ടുണ് പോയത്, ഒരു പെൺക്കുട്ടിക്കും

കിട്ടാത്ത ഭാഗ്യമാണ് എനിക്ക് കിട്ടിയത്, അതു കൊണ്ടു തന്നെ എനിക്ക് സന്തോഷം മാത്രമെഉള്ളൂ.

"പെൺകുട്ടികളുടെ ആഗ്രഹം മറച്ചുപിടിക്കേണ്ടതല്ല "

"ഒരു പേന,ഒരു അധ്യാപകൻ,ഒരു പുസ്തകം,കുട്ടികൾ" ഇത്രയും മാത്രം മതി ഈ ലോകത്തെത്തന്നെ മാറ്റിമറിക്കാൻ.

# കൂട്ടുകാരുടെ കഥ



ഒരിടത്ത് ഒരു മനോഹരമായ കാട് ഉണ്ടായിരുന്നു. ആ കാട്ടിൽ പൂച്ചയും , ഉപ്പനും, മരംകൊത്തിയും , തവളയും നല്ല കൂട്ടുകാരായിരുന്നു. പൂച്ച ഒരു ദിവസം ഗ്രാമത്തിലെ ഒരു വീട്ടിൽ നിന്ന് ഒരു കഷ്ണം മീൻ വറുത്തത് മോഷ്ടിച്ച് തിന്നു . ഇത് തിന്നു കഴിഞ്ഞപ്പോൾ പൂച്ചയ്ക്ക് ഒരു ആഗ്രഹം. ഇനിയും തിന്നണം. പൂച്ചമ്മ ഈ കാര്യം കൂട്ടുകാരോട് പറഞ്ഞു നിങ്ങൾ എനിക്ക് ഒരു സഹായം ചെയ്യണം. ഗ്രാമത്തിൽ നിന്ന് എനിക്ക് കിട്ടിയ മീനിന് നല്ല രുചിയായിരുന്നു. നമുക്ക് മീൻ ഇതുപോലെ ഉണക്കാം . നല്ല മസാലയും ഉപ്പുമിട്ട് ഉണക്കിയതായിരുന്നു അത്. കറിക്ക് ആവശ്യമായ

ഉപ്പ് കൊണ്ടുവരാനായി അവർ മൂവരും കൂടി മരംകൊത്തിയുടെ വള്ളത്തിൽ യാത്രയായി. ഉപ്പുമായി വരുന്ന വഴിയിൽ നല്ല കാറ്റും മഴയും പെയ്തു. ഇതോടെ അവരുടെ തോണി മറിഞ്ഞു . വെള്ളത്തിൽ അവരുടെ ഉപ്പ് അലിഞ്ഞു ചേർന്നു . മൂവർക്കും വളരെ അധികം സങ്കടമായി.

Anjana S VI C

# വയലാർ രാമവർമ്മ



വയലാർ ചലച്ചിത്രഗാനങ്ങളെ കവിതകളാക്കി മാറ്റിയ കവിയാണ് . വയലാർ ദേവരാജൻ കൂട്ടുകെട്ട് മലയാള സിനിമാ ഗാനങ്ങളുടെ സുവർണ്ണകാലമായിരുന്നു.

ഹൃദയഹാരിയായ ബിംബങ്ങളിലൂടെ...... സംഗീത സാന്ദ്രമായ പദാവലിയിലൂടെ.......... മലയാളിയുടെ ഹൃദയത്തിന് കാല്പനിക ഭാവത്തിന്റെ അനുഭൂതി പകരാൻ വയലാറിന്റെ ഗാനങ്ങൾക്കേ കഴിഞ്ഞിട്ടുള്ളൂ.

*"'ശംഖുപുഷ്പം കണ്ണെഴുതുമ്പോൾ*

*ശകുന്തളേ നിന്നെയോർമ്മ വരും*

*ശാരദസന്ധ്യകൾ മരവുരി ഞൊറിയുമ്പോൾ*

*ശകുന്തളേ നിന്നെയോർമ്മ വരും"*

വയലാറിനു മാത്രം സൃഷ്ടിക്കാൻ കഴിയുന്ന ബിംബങ്ങൾ

കലയുടെ പിന്നിൽ ആദർശത്തിന്റെ ജ്വാല ഉണ്ടായിരിക്കണമെന്ന് വയലാറിനു നിർബ്ബന്ധമായിരുന്നു.

വള്ളത്തോൾ കുമാരനാശാൻ എന്നിവരേക്കാൾ ചങ്ങമ്പുഴയാണ് വയലാറിനെ കൂടുതൽ സ്വാധീനിച്ചിരുന്നത്..... പക്ഷെ ചങ്ങമ്പുഴ വിഷാദ കവിയെങ്കിൽ വയലാർ വിപ്ലവത്തിന്റേയും ഊർജ്ജ്വസ്വലതയുടേയും കവിയായിരുന്നു.

ദൌർബല്യങ്ങൾക്കോ ചാപല്യങ്ങൾക്കോ അവിടെ സ്ഥാനമുണ്ടായിരുന്നില്ല

.

ജീവിതത്തെ അങ്ങേയറ്റം സ്നേഹിച്ച.... ജീവിച്ചു മതിയാവാത്ത കവിയായിരുന്നു..

അതു കൊണ്ടാണ് അദ്ദേഹം

*"ഈ വർണ്ണ സുരഭിയാം ഭൂമിയിലല്ലാതെ*

*കാമുക ഹൃദയങ്ങളുണ്ടോ......*

*സന്ധ്യകളുണ്ടോ..... ചന്ദ്രികയുണ്ടോ...*

*ഗന്ധർവ്വ ഗീതമുണ്ടോ.....*

*വസുന്ധരേ.... കൊതിതീരും വരെ ഇവിടെ പ്രേമിച്ച്*

*മരിച്ചവരുണ്ടോ....*

*ചന്ദ്രകളഭം ചാർത്തിയുറങ്ങും തീരം*

*ഇന്ദ്രധനസ്സിൻ ഞവൽ കൊഴിയും തീരം*

*ഈ മനോഹര തീരത്ത് തരുമോ*

*ഇനിയൊരു ജന്മം കൂടി......*

*എനിക്കിനിയൊരു ജന്മം കൂടി........"*

എന്നു പാടിയത്

നാടൻ ശൈലികളും ലളിതകോമള പദാവലിയുംവൃത്ത സംഗീതവും കൊണ്ട് സാധാരണ ജനങ്ങളുടെ ജീവിത പ്രയാസങ്ങൾ വസ്തുനിഷ്ഠമായി കാണാൻ വയലാറിന്റെ സർഗ്ഗ വൈഭവത്തിനു കഴിഞ്ഞിട്ടുണ്ട്

അദ്ദേഹം നമുക്കു മുന്നിൽ കാഴ്ചവെച്ചത് നിറമുള്ള ജീവിതങ്ങൾ ആയിരുന്നു.

ജീവസ്സുറ്റ പദങ്ങൾ കൊണ്ടു് അന്തരംഗത്തിൽ കുരുത്ത ആശയങ്ങൾ ആസ്വാദക മനസ്സിൽ വികാരങ്ങൾ സൃഷ്ടിക്കാൻ വയലാറിന് അപാരമായ സിദ്ധിയാണ്

*"ചക്രവർത്തിനീ നിനക്കു ഞാനെന്റെ*
*ശില്പഗോപുരം തുറന്നു..*
*പുഷ്പപാദുകം പുറത്തു വെയ്ക്കു നീ*
*നഗ്നപാദയായ് അകത്തു വരൂ...."*

..

ഏതു സന്യാസിയും വിഷയാസക്തനായിപ്പോവും

അതാണ് വയലാർ കവിതയുടെ ശക്തി.....
ചരിത്രത്തിനപ്പുറത്തു നിന്നൊഴുകുന്ന കാവ്യ ഗംഗ

നഷ്ടപ്പെടുത്തലുകൾ നൽകുന്ന ശൂന്യത ഒരിക്കലും നികത്താൻ കഴിയാത്തതാണ്

പക്ഷെ മരണം...... അതു പ്രകൃതിയുടെ അനിവാര്യതയാണ്......

എഴുതിത്തീരാത്ത ഗാനങ്ങൾ ബാക്കിവെച്ച് 1975 ഒക്ടോബർ ഇരുപത്തിയേഴാം തീയ്യതി നാല്പത്തേഴാമത്തെ വയസ്സിൽ അദ്ദേഹം ലോകത്തോട് വിട പറഞ്ഞു...

മലയാളികൾ നെഞ്ചിലേറ്റിയ ഒട്ടനേകം സുരഭില ഗാനങ്ങളുണ്ട്

ആ ഗാനങ്ങൾക്ക് മരണമില്ല

കുതിരപ്പുറത്തു ഞാൻ പാഞ്ഞു പോവുമ്പോൾ കൈയ്യിൽ

കുതറിത്തുള്ളിക്കൊണ്ടെൻ ചാട്ടവാറിളകുമ്പോൾ

ഞടുങ്ങിപ്പോകുന്നില്ലേ നിമിഷങ്ങളിൽ കുള-

മ്പടികൾ പതിയുമ്പോളീയണ്ഡകടാഹങ്ങൾ?

കാലമാണവിശ്രമം പായുമെന്നശ്വം....... സ്നേഹ-

ജ്വാലയാണെന്നിൽക്കാണും ചൈതന്യം.....സനാതനം!

പ്രകാശം മാത്രം ജ്വലിപ്പിച്ചുകൊണ്ട് അകാലത്തിൽ
പൊലിഞ്ഞു പോയ ആ ദീപ നാളത്തിന്നു മുന്നിൽ......... കാവ്യ
തേജസ്സിന്നു മുന്നിൽ

നമ്രശിരസ്കരായി..............



# സായംസന്ധ്യ തൻ സാഗരം

ഹാ തിരമാലകൈകൾക്കെന്തൊരുന്മേഷ-

മുത്സാഹമീ സായംസന്ധ്യയിൽ തൻ
തേജസ്സാലാതിരമാലകളെ മുത്തു പവിഴങ്ങ

ളാക്കുന്നു സൂര്യൻ, അവരുംമിന്നാത്തളങ്ങുന്നു.

ശാന്തനാകുന്നു സൂര്യൻ തൻ തീനാളം കനലാക ക്കി
മാറ്റികൊണ്ട്,സിന്ദുരംവാരിപ്പശി ഒരുങ്ങിയിറങ്ങി
കണ്ണിനെപൊന്നണിയി പ്പിക്കാൻ
സർവരുമാസൗന്ദര്യമാസ്വദിച്ചീടാൻ

ഈ സന്ധ്യാവേളയിലെത്തുന്നിതാസർവരു
മുത്സാഹത്തോടെയേറെയിഷ്ടത്തോടെ എന്നുമോർമയിൽ
വാഴുമീ മായാജാലം കാണാ ൻ സൂര്യന്റെ
മടക്കയാത്രകാണാൻ.

ചോന്ന പനിനീർ പൂവ് പോൽ, പർവതങ്ങൾ 'പോൽ,
അലയുന്ന സിംഹം പോൽ, കാട്ടാന പോൽ,

കടുവ പോൽ യേറെ ര്രൂപങ്ങളാൽ

മനോഹരമായിരിക്കുന്ന കാർമുകിലുംഓരോ ദിനവുമോരോ
മാറ്റവുമായ് പ്രകൃതി നീ മായാജാലമൊരുക്കുന്നു. ഈ
വേളയെ ഓർക്കാൻ കൊതിപ്പിക്കുന്ന വീണ്ടുമാ
കാഴ്ചകാണാൻ കൊതിപ്പിക്കുന്നു.

മനസ്സിലെ ഭാരമിറക്കാനും മനസ്സിൽ സന്തോ ഷ മേകിടാനും
പ്രകൃതി തൻ കൈത്താ ങ്ങാണിതൊക്കെ, പ്രകൃതി തൻ
സാന്ത്വന ങ്ങളാണിവ.ഏവർക്കുമായി നൽകീടുന്നു.

BY

Akshaya.A.M

# <u>പ്രകൃതിസംരക്ഷണത്തിന്റെ ആവശ്യകത</u>



പ്രകൃതിയെ സംരക്ഷിക്കാനുള്ള ചുമതല മനുഷ്യന് തന്നെ ആണ്. പ്രപഞ്ചവും  മനുഷ്യനും ആയിട്ടുള്ള പരസ്പര ബന്ധം അവസാനഘട്ടത്തിലേക്ക് അടുക്കുകയാണ്,വനമലിനികരണം,വായുമലിനീകരണം,മണ്ണ് മലിനീകരണം, ജലമലിനീകരണം,ശബ്ദമലിനീകരണം എന്നിവയെല്ലാം പ്രകൃതിയെ മനുഷ്യൻ വളരെയധികം ചുഷണം ചെയ്യുന്നുണ്ട്. അതിന്റെ വിപരീതഫലം കേരളവും ഗുജറാത്തുമെല്ലാം ഇപ്പോൾ അനുഭവിച്ച് കൊണ്ടിരിക്കുന്ന ഭൂകമ്പവും, മണ്ണൊലിപ്പ്, പ്രളയവും ഒക്കെയാണ്.

പ്രകൃതീയെ ഉപദ്രവിക്കുന്ന പലവിധ

മലിനീകരണങ്ങളുണ്ട.വായുമലിനീകരണം അതിലൊന്നാണ് ഫാക്ടറികളും. വാഹനങ്ങളും തുപ്പുന്ന വിഷപ്പുക ഭൂമിയെ മാത്രമല്ല മനുഷ്യനേയും ബാധിക്കും എന്ന്
മനുഷ്യൻ ഓർക്കാറില്ല.വിഷപ്പുക കാരണം അന്തരീക്ഷത്തിലെ കാർബൺഡിയോക്കസൈഡ് ദിനംപ്രതി വർന്ധിച്ചുവരുകയാണ്. മുംബൈയിലും മറ്റും സ്കൂളുകളിലെ കുട്ടികൾക്ക് ശ്വസകോശ സംബന്ധമയ രോഗങ്ങൾ  ഉണ്ടെന്ന് പരിശോധനകളിലൂടെ നമുക്ക് മനസ്സിലാക്കം അടിസ്ഥാന വസ്തുതക്കൾക്ക് പുറമെ അറുപത്തി അയ്യായിരത്തോളം വിഷവസ്തുക്കൾ ഭ്രമിയിൽ നിലനിൽക്കുന്നു എന്ന സത്യം നാം മനസ്സിലാക്കേണ്ടിരിക്കുന്നു.

പ്രകൃതി അനുഭവിക്കന്ന മറ്റൊരുദുരന്തമാണ് ജലമലിനീകരണം ശുദ്ധജലം എന്നത് സ്വപ്നങ്ങളിലും സങ്കൽപ്പങ്ങളിലും മാത്രമായിരിക്കുന്നു. കേരളത്തിൽ 44 നദികളുണ്ടെങ്കിലും അതിലൊന്നുപോലും ശുദ്ധജലമുള്ള നദികൾ അല്ല.കേരളമെന്നല്ല ഇന്ത്യയിലെ നദികളായ പെരിയാർ,ഗംഗ മുതലായ നദികളിലും വിഷമയം അടങ്ങിയിണ്ടു. ഫാക്ടറികളിൽ നിന്നും വരുന്ന വിഷമടങ്ങിയ ജലം നദികളിലേക്കും എന്തിന് സമുദ്രങ്ങളിലേക്കും ദിനംപ്രതി വന്നടിയുകയാണ്. മനുഷന് ജിവിക്കാൻ വായുവും ഭക്ഷണവും മാത്രമല്ല വെള്ളവും വളരെ ആടിസ്ഥാന ഘടകമാണ്. ജലത്തെയും

സംരക്ഷിക്കേണ്ട കടമ ഈ ലോകത്ത് ജീവിക്കേണ്ടതും ജീവിക്കുന്നതുമായ ജനങ്ങൾക്കാണ്.

വനവും ഈ ഭൂമിയുടെ വലിയ ഭഗംതന്നെയാണ്  വനമലിനീകരണവും. വനത്തെ നശിപ്പിക്കുന്നതിലൂടെ വനത്തിൽ വളരുന്ന വൃക്ഷലദതികളുടെയും  ജന്തുജാലങ്ങളെയും നശിപ്പിക്കുന്നു. ജീവിക്കാനുള്ള അവകാശം മനുഷ്യന് മത്രമല്ല ജീവികൾക്കും
വൃക്ഷങ്ങക്കും ഒക്കെ കൂടിയാണ് വനമലിനികരണം എന്നത് വനത്തിന് മത്രമല്ല മനുഷ്യന്റെ ജീവിതത്തെയും നശിപ്പിക്കുന്നത്. മരങ്ങളാണ് മനുഷ്യനും ജീവികൾക്കും മായി ഒക്സിജൻ നൽകുന്നത്. വനം വെട്ടിനശിപ്പിക്കുക,വനം മലിനമക്കുന്നതെല്ലാം മനുഷ്യനെ തന്നെയാണ് പ്രതികുലമായി ദാധിക്കുന്നത്. അതുകൊണ്ട് വനാത്തെ സംരക്ഷിക്കേണ്ട ചുമതലയും മനുഷ്യനാണ്.

പ്രകൃതി അനുഭവിക്കുന്ന മറ്റൊരു ദുരന്തമാണ് ശബ്ദമലിനികരണം. വാഹനങ്ങളുടേയും ചില ഫാക്ടറികളുടേയും അമിതമായ ശബ്ദം ജീവികളേയും മനുഷ്യരെയും പ്രതികൂലമായി ബാധിക്കുന്നു. അമിതമായ ശബ്ദം തലച്ചോറിന്റെ പ്രവർത്തനത്തെ ദോഷമായി ബാധിക്കുന്നു. കേൾവിക്കുറവിനും അമിതമായ ശബ്ദം . കുന്നു. ഇങ്ങപലതരത്തിൽ മനുഷ്യൻ പ്രകൃതിയെ വളരെയധികം ചൂഷണം ചെയ്യുന്നുണ്ട്. എയർ കണ്ടിഷണറുടെയും ഫ്രിഡ്ജിന്റേയും ഉപയോഗം മൂലം

c f c എന്ന രാസവസ്തു രൂപപ്പെടുകയും അത് ഓസോൺ പാളിയിൽ ചെന്ന് പതിക്കുന്നു. അത് ത്വക്ക് രോഗങ്ങൾക്ക്
കാരണമാകുന്നു ആറ്റംബോംബ് നഗീരതയെ നശിപ്പിക്കും എങ്കിൽ മണ്ണോലിപ്പ് നഗീരതയുടെ മാതൃത്വത്തിനെ തന്നെ നശിപ്പിക്കുന്നു. മനുഷ്യൻ ഭൂമിയെ സംരക്ഷിക്കേണ്ടത് ഈ തലമുറയിലൂക്രൂടിയാണ്. പ്രകൃതി സംരക്ഷണം ഈ ഭൂമിയിൽ ജീനിക്കുന്നതു ജീവിക്കാൻ പോകുന്നവർക്കും ക്രൂടിയാണ്. എങ്കലേ നമുക്ക് രോഗമുക്ത ജീവിതം നയിക്കാന്നാവൂ .......

. . . . . . . . . . . . . . .



# പ്രപഞ്ചം

തിരിയുന്നഭൂഗോളമാകെ ഗ്രഹങ്ങളും
മനവും മരിക്കാതിരിക്കുന്ന ചിന്തയും
സഹസ്രാംശുമാനാം സവിതാവൊരിക്കൽ
കൽപ്പിച്ച ഭൂഗോളമാകെച്ചലിക്കാൻ
സഹിക്കുകില്ലെന്നടെ താപമൊട്ടും
കാക്കേണമീദൂരമിതന്ത്യമോളം
കത്തിജ്വലിക്കുന്നർക്കന്റെ മുന്നിൽ
ഗ്രഹങ്ങളോ കണ്ടു വിദൂരമാർഗ്ഗം

കോടാനുകോടിക്കൊല്ലങ്ങളായി
സഞ്ചാരമാർഗ്ഗം തുടരുന്നു നിത്യം
ഗോളങ്ങളിൽ വച്ചു മഹത്വമേറും

ഭ്രവിങ്കലയോ ജീവൻ തുടിച്ചതും
വളർന്നതും പിന്നെ അനേകനാളായ്

പരിണാമമുണ്ടായി നരൻ പിറന്നതും
ഉത്തുംഗമാം ശൈലവുമുണ്ടുഭ്രവിൽ
ഉണങ്ങിനിൽക്കും മരുഭ്രപ്രദേശവും!
പ്രാലേയപമ്പോടമണിഞ്ഞു നിത്യം
ശയിച്ചിടുന്നത്തര ദക്ഷിണങ്ങൾ
പ്രപഞ്ചമേനിന്നടെയുള്ളിലെത്രയോ
രഹസ്യമുണ്ടാം....അതാരറിഞ്ഞാ?
സർവ്വേശ്വരൻ തന്നടെ ബുദ്ധിയിലല്പമാത്രം
തന്നു മനുഷ്യർക്കീ സത്യമറിയാൻ

ബി.ജോളി

# സി.വി. രാമൻ

(1888 -1970)



ഏകവർണപ്രകാശം സുതാര്യമായ ഏതെങ്കിലും
പദാർഥത്തിൽ കൂടി കത്തിവിട്ടാൽ പുറത്തുവരുന്ന
പ്രകാശത്തിൽ കടത്തിവിട്ട പ്രകാശത്തിൻറ
തരംഗദൈർഘ്യത്തിന് പുറമെ മറ്റ് ചില
പ്രകാശരശമികളുണ്ടാകുമെന്ന സി വി രാമൻ
പരിക്ഷണങ്ങളിലൂടെ കണ്ടെത്തി. പ്രകാശങ്ങൾ അതു
കടന്നുപോകുന്ന മാധ്യത്തിൻറ തന്മാത്രകളുമായി
കൂട്ടിമുട്ടുന്നതിന്റെ ഫലമായിട്ടാണ് പുതിയ രശ്മികൾ
ഉണ്ടാകുന്നത്. ഈ പ്രതിഭാസമാണ് സുപ്രസിദ്ധമായ രാമൻ
പ്രഭാവം എന്നറിയപ്പെടുന്നത്. രാമൻ പ്രഭാവം മൂലമുണ്ടാകുന്ന
പുതിയ രശ്മികളുടെ വർണരാജിയെ രാമൻ
വർണരാജിയെന്നും അതിലെ പുതിയ വരകളെ രാമൻരേഖ
എന്നും വിളിക്കുന്ന ഈ കണ്ടുപിടുത്തം 1930 ൽ
അദ്ദേഹത്തിന് നോബൽ സമ്മാനം നേടിക്കൊടുത്തു.

**ആദിത്യൻ.ആർ**



# മാലിന്യം

പണ്ട് കാലത്ത് നിറയെ വൃക്ഷങ്ങളും പാടങ്ങളും ഉണ്ടായിരുന്നു. പക്ഷേ ഇപ്പോൾ ഇവിടെ ബിൾഡിങ്ങുകളും റോഡുകളും മാത്രമാണ്. വയലുകൾ നിന്ന സ്ഥലത്ത് ഫക്ടറികളാണ്. ഫക്ടറികളിൽ നിന്നുള്ള മലിന്യങ്ങൾ നമ്മുടെ വീടുകളിലേക്ക് ഒടുകുകയാണ് മഴപെയ്യ്താൽ വെള്ളം ഒഴുകിപ്പോകാതെയാണ് പ്രളയം തന്നെ ഉണ്ടായത്. നമ്മുടെ മലയാകൾ ദുരന്തം അനുഭവിക്കേണ്ടിവന്നു. മനുഷ്യൻ ഭൂമിയോട് കാണിക്കുന്ന ക്രൂരതാണ് ദുരന്തങ്ങളായി നമുക്ക് തിരിച്ചുകിട്ടുന്നത് വനനശികരണവും മലയിടിച്ചിലുമാണ് ഇതിനെ കൂടതൽ അപകടക്കരമാക്കുന്നത്. പ്രളയംകൊണ്ട് മാലിന്യം ഒഴുകി വിടുകളിൽ വരുന്നു അങ്ങനെ മനുഷ്യർക്ക് എലിപനി,ഡെങ്കിപ്പനി, കോളറ എന്നിരോഗങ്ങൾ വരുന്നു. ഞാൻ ഈ വിഷയം എടുക്കാൻ കാരണം ഇതിനെ നമ്മൾ എങ്ങനെയെകിലും പ്രതിരോധിക്കണം.

# കഷണ്ടിയും കേശവർദ്ധിനിയും

വിശ്വവിഖ്യാതമായ കഷണ്ടിയായിരുന്നല്ലോ ബഷീറിന്.തന്റെചെറുപ്പത്തിൽ അഴകാന കറുകറുപ്പൻ ചുരുളൻ മുടി ധാരാളമുണ്ടായിരുന്നെന്നൊക്ക ഇക്കാ ക്ക് എഴുതിയിട്ടുണ്ടെങ്കിലും നന്നെ ചെറുപ്പത്തിൽ തന്നെ മൂപ്പർക്കു കഷണ്ടി ബാ ധിച്ചിരുന്നു. സുന്ദരീ രത്നങ്ങൾ തന്നെ മെൻഡുചെയ്യാതിരിക്കുമോ എന്ന ഭയ വും തന്മൂലം മൂപ്പർക്കുണ്ടായിരുന്നു. ഒരിക്കൽ ഈ കഷണ്ടി മാറ്റാനുള്ള എണ്ണ തേടി വാസുവൈദ്യരെ സമീപിച്ച ഒരു കിസയുണ്ട്. = വയറിളക്കത്തിന് ചികിത്സ തേടി-വാസുവൈദ്യരെ കണ്ടതും കയ്പൻ കഷായം കുടിച്ചതുമൊക്കെ പറഞ്ഞല്ലോ. ആസനം കൈക്കുന്ന എന്ന് പരാതി പറഞ്ഞപ്പോൾ വൈദ്യർ ചിരിച്ച പറഞ്ഞു . നല ഒന്നാന്തരം അജമാംസ രസായനമുണ്ട്. അത് ഒരു റാത്തൽ തരാം. കൊണ്ട് പോയി കഴിക്ക്, നല്ല ഉഷാറ് കിട്ടും.

അങ്ങനെ ഞങ്ങൾ അജമാംസരസായനവും വാങ്ങി വിട്ടിലേക്ക് മടങ്ങിപ്പ .ഇക്കാക്കരണ്ടുനേരം ഓരോ സ്പൂൺ ലേഹ്യം കഴിച്ചു തുടങ്ങി ലേഹ്യം പകുതിയും മുക്കാലും കഴിച്ചു കാണും. അങ്ങനെയിരിക്കെ ഒരു ദിവസം ഇക്കാക്ക് എന്റെ

ചെരുപ്പ് കടയിൽ വന്നു കച്ചവടം ചെരുപ്പാണെങ്കിലും വൈകുന്നേരത്തു കടയുടെ മുന്നിൽ കുറെ പ്ലാവിലക്കെട്ടുകൾ നിരക്കും സ്ഥലത്തെ ആടു വളർത്തൽ കാരെ ഉദ്ദേശിച്ചാണ് ഈ സന്നാഹം , ഇക്കാക്ക് വരുമ്പോൾ സ്ഥലത്തെ ചില പ്രധാന ദിവ്യന്മാരും എന്റെ കടയിലുണ്ട് അവരെയൊക്കെ ഒന്ന് ചിരിപ്പിച്ച് കളയാമെന്ന് ബഷിർ കരുതിക്കാണും മുപ്പർ പ്ലവിലയിൽ നോക്കി അങ്ങ തറച്ചു നിൽക്കുകയാണ .എന്നയൊ, അവിടെ നിൽക്കുന്ന മറ്റുള്ളവരെയൊ കണ്ടഭാവമില്ല ഒരുമാതിരി മിനുമിനുപ്പൻ നോട്ടം . ഇക്കാക്ക് പെട്ടന്ന് കുനിഞ്ഞ് ഒരു പ്ലവിലയിൽ കടിച്ചു എന്നിട്ട് ആട് തലയിളക്കുന്നത് പോലെ ഇളക്കികൊണ്ട് ഒരി കരച്ചിൽ "മ്ംംബേ" !! കേട്ടുനിന്നവർ അമ്പരന്നുപോയി . ആരോ ചോദിച്ചു . "എന്താ ബഷീറെ ഈ കാണിക്കുന്നത് ."

അനന്തകൃഷ്ണൻ ആർ



# പ്രളയകാലം

കേരളമാകെയൊന്നാടിയുലച്ച
നഷ്ടമാം ജീവിത പ്രളയകാലം
നമ്മുടെ സ്വപ്നമാം വീടുകളെല്ലാം
പ്രളയ കലിയിൽ ഒലിച്ചുപോയി

തോടും പുഴകളും റോഡും വഴിയും
എന്തെന്ന് അറിയാതെ മറഞ്ഞുപോയി

നന്മയറിയാതെ ജീവിച്ച ഞങ്ങളെ
പാഠം പടിപ്പിച്ച പ്രളയ കാലം

ജീവന് വേണ്ടി കേഴുന്ന ഞങ്ങൾക്ക്
രക്ഷക്കായി വന്ന ദൈവ ദൂതർ

ധനവാനും ദരിദ്രനും ഒരു പോലെ
ഒന്നായി ഒരു വറ്റിനുയാചിച്ച പ്രളയ കാലം

പട്ടിണിമാറ്റാൻ വൻകടൽ പേറുന്ന
കടലിന്റെ മക്കളെ നിങ്ങളാണ്

ഞങ്ങടെ ജീവിതം മാറ്റി പഠിപ്പിച്ച
രക്ഷകരായ് വന്ന ദൈവദൂതർ

നവ കേരളം നിർമ്മിക്കാൻ നമ്മളൊന്നാവണം
കേരള മക്കളെ വന്നീടുക.

# നഷ്ടപ്പെടാത്ത സ്വത്ത്

പണ്ട് പണ്ട് ഉത്തരേന്ത്യയിൽ ഒരു സംഗീതജ്ഞൻ ജിവിച്ചിരുന്നു. അദ്ദേഹത്തിന്റെ മനോഹരമായ ശബ്ദം അവിടുത്തെ ആളുകൾക്ക് ഒരുപാട് ഇഷ്ടമായിരുന്നു. ഒരിക്കൽ അദ്ദേഹം മരച്ചുവട്ടിലിരുന്ന് സിത്താർ വായിക്കുകയായിരുന്നു .ആ മനോഹരമായ സംഗീതം കേൾക്കാൻ ആളുകൾ തടിച്ചുകടി . വലിയ ഒരു പണക്കാരന്റെ മാളികയുടെ അടുത്തായിരുന്നു ഇദ്ദേഹത്തിന്റെ സംഗീത കച്ചേരി.



അല്പം കഴിഞ്ഞപ്പോൾ അഹങ്കരിയായ ആ പണക്കാരന്റെ കാവൽക്കാർ അദ്ദേഹത്തിനോട് പറഞ്ഞു . "നിങ്ങളുടെ ഈ ശബ്ദം മുതലാളിക്ക് ശല്യമാവുന്നു. മര്യാദയ്ക്കു പാട്ടു നിർത്തി സ്ഥലം വിട്ടോളൂ" .......!

അദ്ദേഹമാവട്ടെ അതു കേൾക്കാത്ത ഭാവത്തിൽ സിതാർ വായന തുടർന്നു. ഇത് പണക്കാരന്റെ കാവൽക്കാർക്ക് ഇഷ്ടമായില്ല. ദേഷ്യംവന്ന അവർ അദ്ദേഹത്തിന്റെ സിത്താർ പിടിച്ച് വാങ്ങി കൊണ്ടു പോയി .പക്ഷേ അദ്ദഹം അപ്പോഴും ശാന്തനായിരുന്നു. ഇതു കണ്ടവർ അദ്ദേഹത്തോട് ചോദിച്ചു .


"സുൽത്താൻ പോലും ബഹുമാനിക്കുന്ന മഹാനായ സംഗീതജ്ഞനായ അങ്ങ് പരാതിപെടാത്തത് എന്ത്?"
അദ്ദേഹം പുഞ്ചിരിയോടെ മറുപടി പറഞ്ഞു "എന്തിന് പരാതിപ്പെടണം . അവർ കാരണം എനിക് ഒരു നഷ്ടവും ഉണ്ടായില്ല. സിത്താർ അല്ലേ അവർ കൊണ്ടുപോയുള്ള അത് വായിക്കാനുള്ള കഴിവ് എന്റെ ഉള്ളിൽ തന്നെ ഉണ്ടല്ലോ .ആ അറിവില്ലാതെ സിത്താർ കൊണ്ട് അവർ എന്ത് പ്രയോജനം?

സരിഗ സദാശിവൻ

# മണ്ണിൽ കിളച്ചും മീൻപിടിക്കാം

ആഫ്രിക്കയിലെ ഉൾപ്രദേശങ്ങളിൽ മണ്ണ് കിളച്ച് മറ്റി മീൻപിടിക്കുന്നവരുണ്ട്. വരൾച്ചക്കാലം ആകുന്നതോടെ ഈ പ്രദേശത്തെ നിവാസികൾ ഭക്ഷത്തിനായി മീൻപിടിക്കാൻ ഇറങ്ങറുണ്ട്. വെള്ളത്തിൽ നിന്നല്ല, മണ്ണിൽ നിന്നണെന്നു മാത്രം. ലങ്ങ്ഫിഷ് എന്ന ഇനത്തിൽപ്പെട്ട മത്സ്യമാണ് ഇത്തരത്തിൽ മണ്ണിൽ കിടന്നുറങ്ങുന്നത്. ഭക്ഷണവും വെള്ളവുംമില്ലാതെ ഏതാണ്ട് അഞ്ചുവർഷക്കാലത്തൊളം ഇവക്ക് മണ്ണിൽ ജീവിക്കാൻ കഴിയും. ശ്വസകോശംവും ചെകിളയുമുണ്ടിതിന്. വരണ്ട മണ്ണിൽ വസിക്കുമ്പോൾ ശ്വസനത്തിനായി ശ്വസകോശമാണ് ഉപയോഗിക്കുന്നത്. സ്വയം സൃഷ്ടിക്കുന്ന ആവരണത്തിൽ കഴിയുന്ന ലങ്ങ്ഫിഷ് ശുദ്ധജലത്തിന്റെ സമീപ്യം അറിഞ്ഞൽ മാത്രമാണ് പുറത്തെക്ക് വരുന്നത്. മണ്ണിൽ കുഴിച്ച്, മത്സം തീർക്കുന്ന ആവരണം പൊട്ടിച്ചാണ് ആളുകൾ ലങ്ങ്ഫിഷിനെ പുറത്തെടുക്കുന്നത്.

Adithyan.R





# പ്രളയം

നാം കണ്ടു നടുങ്ങി
നാടു കണ്ടു നടുങ്ങി
ജീവനുകൾ പൊഴിച്ച പ്രളയത്തെക്കണ്ട് നടുങ്ങി
കാടും മേടും പുഴയും മലയും നടുങ്ങി


പച്ചയായ മനുഷ്യജീവനെ പൊഴിച്ച
പ്രളയത്തെ കണ്ടുനിന്നവർ പൊഴിച്ചതും
പലതുള്ളികൾ

ജീവന്റെ സ്പന്ദനങ്ങൾ നിലച്ച
ജനങ്ങളോ ജാതിഭേദമന്യേയായ്
ജീവിച്ചവർ തന്റെ അന്ത്യമറിഞ്ഞില്ല

സാഹസത്തിൽ ഉഴലുന്ന ജീവിതങ്ങൾക്ക്
സ്വാന്ത്വനവുമായ് എത്തിയവരുടെ
സ്നേഹം കണ്ടവർ നമ്മൾ

കണ്ടുനിന്ന കണ്ണീർത്തടങ്ങൾ വറ്റി

കണ്ടൊന്നാശ്വസിക്കാൻ പോലും പറ്റാത്തയീ
കാലത്ത് ഇനിയെങ്കിലും കനിയേണം
കാവലാളായി വരേണം ഈ പ്രപഞ്ചം




# വൃക്ഷങ്ങളും കാർബൺ-ഡയോക്സൈഡും

1 ഘനമീറ്റർ (1m X 1m X 1m) തേക്കുമരത്തിന്റെ തടിയുടെ ദ്രവ്യമാനം ഏകദേശം 650 കി.ഗ്രാം ആയിരിക്കും. 30 കൊല്ലത്തെവളർച്ചയുള്ള അതിലെ കാർബണിന്റെ അളവ് ഏകദേശം പകുതിയായിരിക്കും (325 കി.ഗ്രാം). അത്രയും കാർബൺ രൂപപ്പെടുത്താൻ തേക്കുമരം 1192 കി.ഗ്രാം കാർബൺഡയോക്സൈഡ് അന്തരീക്ഷത്തിൽനിന്ന് 30 കൊല്ലംകൊണ്ട് സ്വീകരിക്കുന്നുണ്ട്.അതായത് വർഷത്തിൽ 40 കി.ഗ്രാം! വൃക്ഷങ്ങൾ ചെയ്യുന്ന സേവനം എത്ര വലുതാണന്ന് നോക്കൂ...

# പൂമ്പാറ്റ

പൂമ്പാറ്റെ പൂമ്പാറ്റെ

പാറിനടക്കും പൂമ്പാറ്റെ

നിന്നുടെ ഈ കുഞ്ഞിച്ചിറകുകൾ

കാണാനെന്തൊരു ഭംഗിയാണ്

പൂവിലെ തേൻ നുകരാനായി

പാറിനടക്കുകയാണോ നീ

പുള്ളികൾ ഉള്ള നിന്നുടെ

മേനി കാണാൻ എന്തൊരു ചന്തം

ചന്തം തികഞ്ഞൊരു പൂമ്പാറ്റെ

എന്നുടെ കൂടെ പോരാമോ നീ

അക്ഷയ് കൃഷ്ണൻ
10C



# എൻ പ്രണയം

പുസ്തകത്താളുകളിൽ മറയ്ക്കുമാ-
പേരിനെ ഒന്നുനോക്കുവാൻ
ഞാൻ കൊതിച്ചു
കണ്ണുചിമ്മുന്ന വേളയിൽപോലും
ഈമുഖമൊന്നു കാണുവാൻ
ഞാൻ കൊതിച്ചു
നിൻചുണ്ടിൽനിന്നടരുന്ന വാക്കുകൾ
എൻനെഞ്ചിലെ രക്തമായിമാറുവാൻ
ഞാൻ കൊതിച്ചു
ജന്മജന്മാന്തരങ്ങളായി മാറുന്നതീ
എൻ പ്രണയം
നീ എന്റെ ജീവന്റ താളമായ്
നീ എന്റെ വാക്കിന്റെ വേഗമായ്
എന്റെ കണ്ണിലെ അശ്രുവായ്
എന്റെ ചുണ്ടിലെ ചിരിയായ്
കണ്ണടച്ചാൽ എൻമനസ്സിൽ നിൻമുഖം
കൺതുറന്നാലും എൻമനസ്സിൽ നിൻമുഖം
എന്റെ ജീവന്റെതുടിപ്പായ് നീ മാറിയില്ലേ....

-അമൃത.ട
7c



# കൊലയാളിയായ പ്ലാസ്റ്റിക്

പ്ലാസ്റ്റിക് ,പ്രത്യേകിച്ചും പോളിത്ത്കത്തീൻ ഉറകൾ സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളും ആരോഗ്യപ്രശ്നങ്ങളും എല്ലാവർക്കും അറിയുന്നതാണല്ലോ. പരിസ്ഥിതി സൗഹാർദ്ദപരമായ, ആരോഗ്യകരമായ ജീവിതത്തിന് പ്ലാസ്റ്റിക് കവറുകളും കപ്പുകളും പാത്രങ്ങളുമെല്ലാം ഉപേക്ഷിച്ചേ മതിയാവൂ. അഥവാ അവ മണ്ണിലേക്ക് വലിച്ചെറിയുകയോ കത്തിക്കുകയോ ചെയ്യാതെ ശേഖരിവച്ച് റീസൈക്കളിംഗ് കേന്ദ്രത്തിൽ എത്തിക്കണം. എല്ലാ സന്ദർഭങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ  പാലിച്ചുകൊണ്ടു തന്നെ ജീവിക്കണം.പ്ലാസ്റ്റിക് മനുഷ്യന് മാത്രമല്ല , മറ്റ് ജീവജാലങ്ങൾക്കും ഗുരുതരമായ ഭീഷണിയാണ് സൃഷ്ടിക്കുന്നത്. അവ ആമാശയത്തിലെത്താൻ ഇടവന്ന് മാനുകളും ആടുകളും ആനകളുമുൾപ്പെടെ

നിരവധി മൃഗങ്ങൾ കൊന്നൊടുക്കപ്പെട്ടിട്ടുണ്ട്. ഈ അടുത്തനാളിൽ ഫിലിപ്പീൻസിന്റെ തീരത്തടിഞ്ഞ തിമിംഗലത്തിന്റെ വയറ്റിൽ നിന്നും 40 കിലോ പ്ലാസ്റ്റിക്കാണ് കണ്ടെടുക്കപ്പെട്ടത്.
അതിനടുത്തനാളിൽ തന്നെ ഇറ്റാലിയൻ തീരത്ത് കരയ്ക്കടിഞ്ഞ ഗർഭിണിയായ തിമിംഗലത്തെ പോസ്റ്റ്മോർട്ടം ചെയ്യപ്പോൾ കിട്ടിയത് 22 കിലോ പ്ലാസ്റ്റിക് മാലിന്യങ്ങളായിരുന്നു. മാലിന്യം നിറച്ച പ്ലാസ്റ്റിക് സഞ്ചികളും മീൻവലകളും ട്യൂബുകളെല്ലാമാണ്  തിമിംഗത്തിന്റെ വയറ്റിൽനിന്നും ലഭിക്കുന്നത്. ഭക്ഷണമാണെന്ന് തെറ്റിദ്ധരിക്കപ്പെട്ടാണ് അവ പ്ലാസ്റ്റിക് അകത്താക്കുന്നത്. കഴിഞ്ഞവർഷം ഫിലിപ്പീൻസിൽ മാത്രം 57 ഡോൾഫിനുകളാണ് പ്ലാസ്റ്റിക് വിഴുങ്ങി ചത്തതെന്ന് റിപ്പോറട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇങ്ങനെ പോയാൽ അടുത്ത പത്ത് വർഷത്തിനുള്ളിൽ കടലിലെ പ്ലാസ്റ്റിക് മാലിന്യം മൂന്നിരട്ടിയാകുമെന്ന് ശാസ്ത്രജ്ഞന്മാർ മുന്നറിയിപ്പ് നൽകിയിരിക്കുന്നു. ഇത് നിയന്ത്രിക്കപ്പെട്ടില്ലെങ്കിൽ എണ്ണമറ്റ ജീവികളുടെ നാശത്തിനിടയാക്കുകയും ചെയ്യും.

# പ്രകൃതി

"അമ്മയെ മാനഭംഗപ്പെടുത്തരുത് "

പ്രകൃതി അമ്മയാണ്. പരിസ്ഥിതിക്ക് ദോഷകരമായ രീതിയിൽ മനുഷ്യൻ പ്രവർത്തിക്കുന്നത് ലോകനാശത്തിന് കാരണമാകും. പരിസ്ഥി സംരക്ഷണത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ഓർമ്മിക്കാനുള്ള അവസരമായി ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ 1972 മുതലാണ് ലോക പരിസ്ഥി ദിനം ആചരിച്ചു തുടങ്ങുന്നത്. എല്ലാ മനുഷ്യർക്കും ശുദ്ധവായുവും ശുദ്ധജലവും ജൈവ വൈവിധ്യത്തിന്റെ ആനുകൂല്യങ്ങളും അനുഭവിക്കാനുള്ള അവകാശവും സ്വതന്ത്ര്യവുമുണ്ട് എന്ന സങ്കൽപമാണ് ലോകപരിസ്ഥി ദിനത്തിന്റെ പ്രതീക്ഷ കൈവിടാതെ മലിനീകരണത്തിനെതിരായും ർവനനശീകരണത്തിനെതിരായും പ്രവൃത്തിക്കുകയാണ് പരിസ്ഥിതി സുസ്ഥിരത ഉറപ്പാക്കാനുള്ള ഒരു മാർഗം. ഭൂമിയെ സംരക്ഷിതവും ഭദ്രവുമായ ഒരു ആവാസകേന്ദ്രവുമായി നിലനിർത്തുകയും സുഖദവും ശീതളവുമായ ഒരു ഹരിതകേന്ദ്രവുമായി അടുത്ത തലമുറയ്ക്ക് കൈമാറുകയും ചെയ്യേണ്ടത് ആവശ്യമാണ്.

# LIFE

Life is a story

Life is an experience

Different moments are the gift of life

A life including of happy and sad

Happy moments were enjoyed

Sad moments were clear from our memory

The sad moments we converted to happy

This exchange was true life happiness

The byproducts of love

Life with a friend, life with a family

Life with a child...................

Presence of others were the inspiration life

Don’t skip the living memories with others

My life teach me many situations

My life teach me how to behave

A life is a dream

More beautiful than sleeping dream

Love other for enjoyment

Life is a love with others is a life

A life completed with happiness and presence of others

A life will change with lovely approach

Heart touching feelings are included in life

Enjoy life with others

Don’t skip the life without the permission of God

God give life God take life

God give happiness and sad

Love others and live happy

Parvathy.V.S

9.D

# INTERESTING FACTOR ABOUT INDIA



***1.A FLOATING POST OFFICE***

***India has the largest postal network in the world with over 1,55,015 post office. A single post office on an average serves population of 7,175 people. The floating post office in dallake,Srinagar,was inaugrated in august 2011***

***2.Kumbh Mela gathering visible from space***

***The 2011 kumbh Mela was the largest gathering of people with over 75 million pilgrims. The gathering was so huge that the crowd was visible from space.***

### ***3.The highest cricket ground in the world***

***At an altitude of 2,444 meters,the Chail cricket ground in Chail Himachal pradesh is the highest in the world. It was built in 1893 and is a part of the Chail Military school.***

*ANUPAMAPJAYAN IX C*



# Importance of sports in school

sports has an important role in school . Because it will make children as a sportsman. Sport brings a children more stamina,power,etc....It will give many important to our life while we want a job.The sports catagories. We have we won that job.So sports has a major role.So in our school sports has more important.

Because all sport athletic is coming from school.Because as a children had a push to became their ambition as like a football player,film star,cricket player something else.It will be occured by our school.So we will always add the programmes of school.we willparticipate schools sports day.Because an athelet will be born from the school.

# സ്കൂൾ കലോത്സവം

# *2019-20*








1












2








2







































# മികവ് 2019-20







508















Tomson
Electronics
SRISHTI
ROBOTICS


മെൻഡലീവിയം
N
C
101 Md
O
H
2019
IYPT
ശാസ്ത്രമാസിക


Anandhakrishnan.K.S X
H.S.S kandamangalam
Scanned with CamScanner


Scanned with CamScanner